ജനുവരി–മാർച്ച് 2007



വിൻ ഫൊർമേഷൻ

വരാപ്പുഴ അതിരൂപതാവിൻസെൻഷ്യൽ വാർത്താപത്രിക

വരാപ്പുഴ അതിരൂപതാ നിയുക്തസഹായമെത്രാൻ

റൈററ് റവ.മോൺ.ജോസഫ് കാരിക്കശ്ശേരിക്ക്

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി

വരാപ്പുഴ സെൻട്രൽ കൗൺസിലിന്റെ പ്രാർത്ഥനാശംസകൾ

28.12.2006 വ്യാഴാഴ്ച വല്ലാർപാടം ബസിലിക്കയിൽ നടത്തുന്ന മെത്രാഭിഷേകചടങ്ങുകളിൽ അതിരൂപതയിലെ മുഴുവൻ വിൻസെൻഷ്യൻപ്രവർത്തകരും കുടുംബാംഗങ്ങളും പങ്കെടുക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.



ഹൈക്കോർട്ട് ജങ്ഷൻ,
എറണാകുളം,
കൊച്ചി – 682 031

പുസ്തകം 1
ലക്കം 1

ജനുവരി – മാർച്ച് 2007

പത്രാധിപസമിതി

വെരി റവ. ഫാ. ക്ലീററസ് പറമ്പലോത്ത്
(രക്ഷാധികാരി)

റാഫേൽ കളത്തിവീട്ടിൽ
എൻ. ജെ. സേവ്യർ ജെയിംസ്
ജോസ് ഫ്രാൻസിസ് വടക്കുംതല
ജോയി കൈമാതുരുത്തി
മാത്തച്ചൻ അറയ്ക്കൽ
പ്രീമൂസ് പെരിഞ്ഞേരി
(ചീഫ് എഡിററർ)

മുഖപടം : വിൻസ് പെരിഞ്ഞേരി

വാർഷികവരിസംഖ്യ : 15 രൂപ

(സ്വകാര്യവിതരണത്തിനുമാത്രം)

പത്രാധിപക്കുറിപ്പ്

പ്രോത്സാഹിപ്പിക്കണം

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി വരാപ്പുഴ അതിരൂപതാസെൻട്രൽകൗൺസിലിന്റെ ഒരു ചിരകാലാഭിലാഷം, ദൈവാനുഗ്രഹത്താൽ, ഇതാ സഫലമാകുന്നു. 'വിൻഫൊർമേഷൻ' എന്ന പേരിൽ ഒരു വിൻസെൻഷ്യൻവാർത്താപത്രിക പ്രസിദ്ധീകരിക്കുകയാണ്. വിൻസെൻഷ്യൻ – ഇൻഫൊർമേഷൻ എന്നീ വാക്കുകൾ സംയോജിപ്പിച്ചാണ് 'വിൻഫൊർമേഷൻ' എന്നപേര് രൂപപ്പെടുത്തിയത്. നമ്മുടെ കോൺഫറൻസ് വാർത്തകൾ, സി.സി.അറിയിപ്പുകൾ എന്നിവ പ്രവർത്തകരിലെത്തിക്കുകയാണ് ഈ പ്രസിദ്ധീകരണത്തിന്റെ മുഖ്യലക്ഷ്യം.

ഇത് ഒരു ത്രൈമാസികമായിരിക്കും. മൂന്നുമാസത്തിലൊരിക്കൽ എന്നക്രമത്തിൽ, വർഷം നാലുലക്കങ്ങൾ. ജനുവരി–മാർച്ച്, ഏപ്രിൽ–ജൂൺ, ജൂലായ്–സെപ്തംബർ, ഒക്ടോബർ–ഡിസംബർ എന്നിങ്ങനെയാവുമവ. അംഗങ്ങൾ എല്ലാവരും ഇതു വാങ്ങി വായിച്ച് പ്രോത്സാഹിപ്പിക്കണം; ആദ്ധ്യാത്മികോപദേഷ്ടാക്കളായ വൈദികർക്ക് ഒരു കോപ്പി നൽകുകയും വേണം.

കോൺഫറൻസ്വാർത്തകൾ സംക്ഷിപ്തമായി എഴുതി യഥാസമയം എ.സി.പ്രസിഡണ്ടുമാർവഴി ഓഫീസിലെത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

ചീഫ് എഡിററർ

Dr. DANIEL ACHARUPARAMBIL
ARCHBISHOP OF VERAPOLY

LATIN ARCHBISHOP'S HOUSE
P.B. No. 2581, Kochi-682 031.
Kerala, INDIA

Phone: 0091-484-2360988, 2372892
Fax: 0091-484-2360911
E-mail: vpoly@vsnl.com

സന്ദേശം

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി വരാപ്പുഴ സെൻട്രൽ കൗൺസിൽ 'വിൻഫൊർമേഷൻ' എന്ന പേരിൽ ഒരു ത്രൈമാസപത്രിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. നമ്മുടെ അതിരൂപതയിൽ കഴിഞ്ഞ അരനൂറ്റാണ്ടിലേറെക്കാലമായി വിനീതമായും സ്തുത്യർഹമായും സൊസൈറ്റി പ്രവർത്തിച്ചുവരികയാണ്. അവശരിലും ആലംബഹീനരിലും യേശുവിന്റെ പ്രതിച്ഛായദർശിച്ച് ആശ്വാസവും സാന്ത്വനവുമേകുന്ന ഈ സംഘടനയുടെ സേവനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്നതിൽ സംശയമില്ല.

സംഘടനയുടെ പ്രവർത്തനങ്ങൾ അംഗങ്ങൾ അറിയാനും അംഗങ്ങളെ അറിയിക്കാനും ഇത്തരം പ്രസിദ്ധീകരണം സഹായകമാകുമെന്നതിനാൽ, വിൻഫൊർമേഷന്റെ പ്രസിദ്ധീകരണം വിജയിക്കാൻ പ്രാർത്ഥിക്കുന്നു. ആശംസകൾ.

മോസ്റ്റ് റവ.ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ

വരാപ്പുഴ മെത്രാപ്പോലീത്ത

Msgr. JOSEPH KARIKKASSERY
AUXILIARY BISHOP OF VERAPOLY

LATIN ARCHBISHOP'S HOUSE
P.B. No. 2581, Kochi-682 031.
Kerala, INDIA

Phone: 0091-484-2360988, 2372892
Fax: 0091-484-2360911
E-mail: vpoly@vsnl.com

സന്ദേശം

'വിൻഫൊർമേഷൻ' എന്നപേരിൽ ഒരു വാർത്താപത്രിക പുറപ്പെടുവിക്കുമ്പോൾ, വരാപ്പുഴ അതിരൂപതാ വിൻസെൻറ് ഡി പോൾ സൊസൈറ്റി ശ്രദ്ധേയമായ ഒരു ചുവടുവയ്പ്പു നടത്തുകയാണ്. കൊട്ടിഘോഷിക്കേണ്ടതല്ല വിൻസെൻഷ്യൻസേവനങ്ങൾ. എങ്കിലും അവയെപ്പറ്റി പ്രവർത്തകർ പരസ്പരം അറിയുന്നത് കൂടുതൽ ആവേശത്തോടെയും ചൈതന്യത്തോടെയും മുന്നോട്ടുനീങ്ങാൻ മറ്റുള്ളവർക്കും പ്രേരണയാകും.

1992 മുതൽ 2000 വരെ വിൻസെന്റ് ഡി പോൾ സൊസൈറ്റി വരാപ്പുഴ സെൻട്രൽകൗൺസിലിന്റെ ആദ്ധ്യാത്മികോപദേഷ്ടാവായി ശുശ്രൂഷ ചെയ്യാൻ എനിക്കു ഭാഗ്യമുണ്ടായി. അങ്ങനെ ഇതിന്റെ പ്രവർത്തനശൈലി അടുത്തു പരിചയപ്പെടാൻ കഴിഞ്ഞതും ദൈവാനുഗ്രഹമായി ഞാൻ കണക്കാക്കുന്നു.

വിൻഫൊർമേഷന് സകലവിധ ദൈവാനുഗ്രഹങ്ങളും വിജയങ്ങളും നേരുന്നു.

മോൺ. ജോസഫ് കാരിക്കശ്ശേരി

വരാപ്പുഴ അതിരൂപതാ സഹായമെത്രാൻ

ആധ്യാത്മികോപദേഷ്ടാവിന്റെ കുറിപ്പ്

യേശുതന്നെ പറഞ്ഞിട്ടുണ്ട്, "ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ. 25:11). ദു:ഖദുരിതങ്ങൾ ലോകസഹജമാണെന്നും അതെന്നും തുടർന്നുകൊണ്ടേയിരിക്കുമെന്നുമാണ് അവിടന്നു വ്യക്തമാക്കുന്നത്. ഇതെല്ലാം പരിഹരിക്കാൻ ആവുംവിധം പരിശ്രമിക്കണമെന്നും യേശു ഉദ്ബോധിപ്പിക്കുന്നു. നന്മചെയ്തുകൊണ്ട് അവിടന്നു ചുറ്റി സഞ്ചരിക്കുകയായിരുന്നല്ലോ. 1833-ൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി സ്ഥാപിതമായപ്പോൾ, ഈ ജീവകാരുണ്യപ്രസ്ഥാനത്തിനു തുടക്കംകുറിച്ച വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസനാം പറഞ്ഞത്, "നമുക്കു പാവങ്ങളുടെ അടുത്തേക്കുപോകാ"മെന്നാണ്. അവശരുടെയും ആലംബഹീനരുടെയും കണ്ണീരൊപ്പാനുള്ള യത്നങ്ങളിലാണ് വിൻസെൻഷ്യൻപ്രവർത്തകർ എന്നും ശ്രദ്ധയൂന്നേണ്ടത്.

ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ പ്രഥമ ചാക്രികലേഖനം "ദൈവം സ്നേഹമാകുന്നു" എന്നതിന്റെ രണ്ടാംഭാഗത്ത്, ജീവകാരുണ്യസംരംഭങ്ങളിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റി ചെയ്യുന്ന മഹിതയത്നങ്ങളെ പ്രശംസിച്ചിട്ടുണ്ട്. യേശുവിന്റെ സ്നേഹകാരുണ്യങ്ങൾ സമകാലികസാഹചര്യങ്ങളിൽ ദൃശ്യവത്കരിക്കേണ്ട ബാധ്യത നമ്മൾ ഏറ്റെടുക്കണമെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത ഭാഷയിൽ അദ്ദേഹം പറഞ്ഞുവയ്ക്കുന്നു. യഥാർത്ഥ യേശുശിഷ്യരാകണമെങ്കിൽ, യേശുവചനങ്ങൾ പ്രാവർത്തികമാക്കണം.

പ്രവൃത്തിയില്ലാത്ത വിശ്വാസം വ്യർത്ഥമാണെന്ന വിശുദ്ധ യാക്കോബിന്റെ വാക്കുകളും നാമിവിടെ കൂട്ടിവായിക്കണം. വെറുതെ വാക്കുകൾകൊണ്ട് ആവിഷ്കരിക്കാവുന്നതല്ല ഉപവിപ്രവർത്തനം. അതിനുള്ള മനസ്സു ക്രമപ്പെടുത്തുകയാണ് ആദ്യം ചെയ്യേണ്ടത്. അപ്പോൾ അതിനു സമയം കണ്ടെത്താനും സമ്പത്തു ചെലവഴിക്കാനും നമുക്കു കഴിയും. പാവങ്ങളുടെ സേവനത്തിന് നമ്മുടെ സമയത്തിന്റെയും സമ്പത്തിന്റെയും ഒരോഹരി മാറ്റിവയ്ക്കണമെന്ന് വിൻസെൻഷ്യൻനിയമാവലിയിൽ പ്രാധാന്യത്തോടെ എഴുതിവച്ചിട്ടുണ്ടല്ലോ. ചുരുക്കത്തിൽ, സ്നേഹം നമ്മെ സംബന്ധിച്ചിടത്തോളം അധരവ്യായാമമായിരിക്കരുത്; അനുഷ്ഠാനം തന്നെയായിരിക്കണം.

വിൻസെൻഷ്യൻപ്രവർത്തനങ്ങളിൽ പരസ്യപ്പെടുത്തലും പബ്ലിസിറ്റിയുമില്ല. നാമാരും അത് വിളിച്ചുപറഞ്ഞു നടക്കാറില്ല. എന്നാൽ, ഒരു കോൺഫറൻസ് എന്തെല്ലാം ചെയ്യുന്നു എന്നത് മറ്റുള്ളവർ അറിയാൻ ഒരു സംവിധാനമുണ്ടാകുന്നതു നല്ലതാണ്. അതുപോലെയല്ല, അതിനെക്കാൾ മെച്ചപ്പെട്ട രീതിയിലുള്ള ശുശ്രൂഷകൾ ചെയ്യാൻ അത് പ്രചോദനമാകും. അതുകൊണ്ട് അംഗങ്ങൾക്കിടയിൽ, ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെപ്പറ്റി മിതമായ രീതിയിൽ പ്രചാരണം കൊടുക്കുന്നതു നല്ലതാണ്. നമ്മുടെ നാഷണൽ കൗൺസിലിന്റെ 'റീച്ച് ഔട്ട്', കേരള റീജിയണൽ കമ്മിറ്റിയുടെ 'ഓസനാം' എന്നിവ ഈ സേവനമാണു ചെയ്തുകൊണ്ടിരിക്കുന്നതെന്നോർക്കുക.

അതുപോലെ, വരാപ്പുഴഅതിരൂപതയിൽ നടക്കുന്ന വിൻസെൻഷ്യൻപ്രവർത്തനങ്ങളെക്കുറിച്ച് അതിരൂപതയിലെതന്നെ പ്രവർത്തകർക്കു മനസ്സിലാക്കാൻ കഴിഞ്ഞാൽ, അത് എല്ലാവർക്കും പ്രോത്സാഹനമാകും. അതുകൊണ്ടാണ് അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യാൻ 'വിൻഫൊർമേഷൻ' പ്രസിദ്ധീകരിക്കുന്നത്. ഇതിനെ വളർത്തിയെടുക്കാനും നിലനിർത്താനും നമുക്ക് ഉത്തരവാദിത്വമുണ്ട്. മുഖ്യപ്രവർത്തനങ്ങളുടെ റിപ്പോർട്ട് യഥാസമയം എത്തിച്ചുകൊടുത്ത് നമുക്കിതിനെ ശക്തിപ്പെടുത്താം. സ്നേഹാശംസകളോടെ,

ക്ലീറ്റസച്ചൻ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി

വരാപ്പുഴ സെൻട്രൽ കൗൺസിൽ

വാർഷികപരിപാടിക്രമം - 2007

2007 ജനുവരി 6 ശനി	: സെൻട്രൽകൗൺസിൽ യോഗം
2007 ജനുവരി 7 ഞായർ	: വല്ലാർപാടം ബസിലിക്കയിൽ ഭാരത കത്തോലിക്കാ മെത്രാൻസമിതി (ലത്തീൻ റീത്ത് – CCBI) അംഗങ്ങൾക്ക് സ്വീകരണം – ദിവ്യബലി
2007 ജനുവരി 14 ഞായർ	: ഏരിയാകൗൺസിൽ യോഗങ്ങൾ
2007 ഫെബ്രുവരി 3 ശനി	: സി.സി.ബോർഡ് യോഗം
2007 ഫെബ്രുവരി 4 ഞായർ	: സെൻട്രൽകൗൺസിൽ യോഗം
2007 ഫെബ്രുവരി 11 ഞായർ	: ഏരിയാകൗൺസിൽ യോഗങ്ങൾ
2007 മാർച്ച് 3 ശനി	: സി.സി.ബോർഡ് യോഗം
2007 മാർച്ച് 4 ഞായർ	: സെൻട്രൽകൗൺസിൽ യോഗം
2007 മാർച്ച് 11 ഞായർ	: ഏരിയാകൗൺസിൽ യോഗങ്ങൾ
2007 മാർച്ച് 18, 25	: എ.സി.തലത്തിൽ തീർത്ഥയാത്ര
2007 മാർച്ച് 23 – 25	: **സി.സി., എ.സി. ഭാരവാഹികൾക്ക് നോമ്പുകാലധ്യാനം** ആലുവ തോട്ടുമുഖം ആത്മദർശനിൽ
2007 ഏപ്രിൽ 1 ഞായർ	: സെൻട്രൽകൗൺസിൽ യോഗം
2007 ഏപ്രിൽ 8 ഞായർ	: **ഈസ്റ്റർ**
2007 ഏപ്രിൽ 15 ഞായർ	: ഏരിയാകൗൺസിൽ യോഗങ്ങൾ
2007 ഏപ്രിൽ 29 ഞായർ	: **യുവഅംഗങ്ങൾക്ക് ഏകദിനസെമിനാർ, ആശീർഭവൻ** (രാവിലേ 9 മുതൽ വൈകുന്നേരം 4 വരെ)
2007 മെയ് 5 ശനി	: സി.സി.ബോർഡ് യോഗം
2007 മെയ് 6 ഞായർ	: സെൻട്രൽകൗൺസിൽ യോഗം
2007 മെയ് 13 ഞായൻ	: ഏരിയാകൗൺസിൽ യോഗങ്ങൾ
2007 ജൂൺ 2 ശനി	: സി.സി.ബോർഡ് യോഗം

2007 ജൂൺ 3 ഞായർ	: സെൻട്രൽകൗൺസിൽ യോഗം
2007 ജൂൺ 10 ഞായർ	: ഏരിയാകൗൺസിൽ യോഗങ്ങൾ
2007 ജൂൺ 24 ഞായർ	: **വിൻസെൻഷ്യൻ വാർഷികസംഗമം, ആശീർഭവൻ** (രാവിലേ 9 മുതൽ വൈകുന്നേരം 4 വരെ)
2007 ജൂൺ 30 ശനി	: സി.സി.ബോർഡ് യോഗം
2007 ജൂലൈ 1 ഞായർ	: സെൻട്രൽകൗൺസിൽ യോഗം
2007 ജൂലൈ 8 ഞായർ	: ഏരിയാകൗൺസിൽ യോഗങ്ങൾ
2007 ആഗസ്റ്റ് 4 ശനി	: സി.സി.ബോർഡ് യോഗം
2007 ആഗസ്റ്റ് 5 ഞായർ	: സെൻട്രൽകൗൺസിൽ യോഗം
2007 ആഗസ്റ്റ് 12 ഞായർ	: ഏരിയാകൗൺസിൽ യോഗങ്ങൾ
2007 സെപ്റ്റംബർ 1 ശനി	: സി.സി.ബോർഡ് യോഗം
2007 സെപ്റ്റംബർ 2 ഞായർ	: സെൻട്രൽകൗൺസിൽ യോഗം
2007 സെപ്റ്റംബർ 9 ഞായർ	: ഏരിയാകൗൺസിൽ യോഗങ്ങൾ
2007 സെപ്റ്റംബർ 9, 23	: **ഏരിയാകൗൺസിൽ സംയുക്തസമ്മേളനങ്ങൾ**
2007 സെപ്റ്റംബർ 16 ഞായർ	: **വല്ലാർപാടം മരിയൻതീർത്ഥയാത്ര**
2007 ഒക്ടോബർ 6 ശനി	: സി.സി.ബോർഡ് യോഗം
2007 ഒക്ടോബർ 7 ഞായർ	: സെൻട്രൽകൗൺസിൽ യോഗം
2007 ഒക്ടോബർ 14 ഞായർ	: ഏരിയാകൗൺസിൽ യോഗങ്ങൾ
2007 നവംബർ 3 ശനി	: സി.സി.ബോർഡ് യോഗം
2007 നവംബർ 4 ഞായർ	: സെൻട്രൽകൗൺസിൽ യോഗം
2007 നവംബർ 11 ഞായർ	: ഏരിയാകൗൺസിൽ യോഗങ്ങൾ
2007 ഡിസംബർ 1 ശനി	: സെൻട്രൽകൗൺസിൽ യോഗം
2007 ഡിസംബർ 2 ഞായർ	: ഏരിയാകൗൺസിൽ യോഗങ്ങൾ
2007 ഡിസംബർ 9 ഞായർ	: **വാർഷിക വിൻസെൻഷ്യൻ ധ്യാനം, ആശീർഭവൻ** രാവിലേ 9 മുതൽ വൈകുന്നേരം 4 വരെ
2007 ഡിസംബർ 25	: **ക്രിസ്തുമസ്**

മംഗലപ്പുഴ എ.സി.വിഭജിക്കുന്നു

നിലവിലുള്ള നിയമമനുസരിച്ച് 16 കോൺഫറൻസുകളുള്ള എ.സി.കൾ പ്രവർത്തനസൗകര്യം പ്രമാണിച്ച് വിഭജിക്കേണ്ടതുണ്ട്. മംഗലപ്പുഴ എ.സി.വിഭജിച്ച് 2007 ജനുവരി മുതൽ തോട്ടക്കാട്ടുകര എ.സി.എന്ന പേരിൽ പുതിയൊരു എ.സി.നിലവിൽ വരുന്നു. 2007 ജനുവരി 14 ഞായറാഴ്ചയാണ് വിഭജനസമ്മേളനം.

വേളാങ്കണ്ണി–പൂണ്ടി തീർത്ഥാടനം നടത്തുന്നു

സെൻട്രൽകൗൺസിൽ വനിതാകമ്മിറ്റിയുടെ നേതൃത്വത്തിൽ 2007 ജനുവരി 19, 20, 21 (വെള്ളി, ശനി, ഞായർ) തീയതികളിൽ വേളാങ്കണ്ണി–പൂണ്ടി തീർത്ഥാടനം നടത്തുന്നതായി ചെയർപേഴ്സൺ സിസ്റ്റർ എം.എ. മേരി കല്ലൂർ അറിയിച്ചു. താമസ–ഭക്ഷണസൗകര്യങ്ങൾ നേരത്തേ ഏർപ്പാടു ചെയ്യുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് നേരിലോ 0484–2494004 എന്ന നമ്പറിലോ അന്വേഷിക്കുക.

നോമ്പുകാലധ്യാനം ആത്മദർശനിൽ

സി.സി.അംഗങ്ങൾക്കും എ.സി.ഭാരവാഹികൾക്കുമായി ആലുവ തോട്ടുമുഖം ആത്മദർശനിൽ ഈ വർഷവും 2007 മാർച്ച് 23, 24, 25 തീയതികളിൽ നോമ്പുകാല ധ്യാനം നടത്തുന്നു. വെള്ളിയാഴ്ച വൈകീട്ട് 6 മണിക്കു തുടങ്ങി 25 ഞായറാഴ്ച ഉച്ചയ്ക്ക് 1.30 ന് സമാപിക്കുന്ന ധ്യാനപരിപാടികൾക്ക് റവ.ഫാ.ഫിലിപ്പ് കാരിക്കശ്ശേരി ഒ.സി.ഡി. നേതൃത്വം നൽകും.

റീജിയണൽകമ്മിററി സെമിനാർ, യുവജനമത്സരങ്ങൾ

വിൻസെൻഷ്യൻ കേരള റീജിയണൽ കമ്മിറ്റി വനിതാ–യുവജനസെമിനാർ, മത്സരങ്ങൾ എന്നിവ 2007 ഫെബ്രുവരി 10,11 തീയതികളിൽ കലൂർ റിന്യൂവൽ സെന്ററിൽ നടക്കും. സംസ്ഥാനതലത്തിൽ നടത്തുന്ന യുവജനമത്സരങ്ങളും സമ്മാനദാനവും അതോടനുബന്ധിച്ച് ഉണ്ടാവും. ഒരു സി.സി.യിൽ നിന്ന് ഓരോ വനിതാപ്രതിനിധി, യൂത്ത് പ്രതിനിധി എന്നിവർ സെമിനാറിൽ പങ്കെടുക്കണം. 10–ാം തീയതി ശനിയാഴ്ച 11 മണിക്കു തുടങ്ങി 11–ാം തീയതി ഞായറാഴ്ച ഉച്ചഭക്ഷണത്തോടെ അവസാനിക്കും.

യുവജനമത്സരങ്ങൾ
2007 ജനുവരി–ഫെബ്രുവരി മാസങ്ങളിൽ

കേരള റീജിയണൽ കമ്മിറ്റി നടത്തുന്ന സംസ്ഥാനതല വിൻസെൻഷ്യൻ യുവജനമത്സരങ്ങൾക്കു മുന്നോടിയായി 2007 ജനുവരി ആദ്യവാരം തന്നെ എ.സി.തല മത്സരങ്ങൾ നടത്തണം. വരാപ്പുഴ സി.സി.തലമത്സരങ്ങളിൽ പങ്കെടുക്കേണ്ടത് എ.സി.തലമത്സരങ്ങളിൽ ഒന്നാംസ്ഥാനം കിട്ടിയവരാണ്. സി.സി. മത്സരങ്ങൾ 2007 ജനുവരി 28–ാം തീയതി ഉച്ചതിരിച്ച് 2.00 ന് വരാപ്പുഴ സി.സി. ഓഫീസിൽവച്ചു നടത്തുന്നതാണ്.

മുപ്പതു വയസ്സു വരെയുള്ള യുവജനങ്ങൾക്കു മത്സരത്തിൽ സംബന്ധിക്കാം. പ്രസംഗ–ഉപന്യാസമത്സരങ്ങൾക്കുള്ള വിഷയം മത്സരവേദിയിൽ നൽകും. ഉപന്യാസത്തിന് ഒന്നരമണിക്കൂറാണു സമയം. ക്വിസ് മത്സരത്തിന് താഴെപ്പറയുന്നവ ഉണ്ടായിരിക്കും:

1. വിശുദ്ധ ലൂക്കായുടെ സുവിശേഷം
2. മാനുവലിലെ ചരിത്രഭാഗങ്ങൾ
3. മാനുവലിലെ വിശുദ്ധ വിൻസെന്റിന്റെ ജീവചരിത്രം
4. മാനുവലിലെ വാഴ്ത്തപ്പെട്ട ഓസനാമിന്റെ ജീവചരിത്രം
5. തിരുസഭയുമായി ബന്ധപ്പെട്ട പൊതുചോദ്യങ്ങൾ
6. 'ദൈവം സ്നേഹമാകുന്നു' എന്ന ചാക്രികലേഖനത്തിന്റെ രണ്ടാംഭാഗം.
   (100 ചോദ്യം ; 100 മാർക്ക്)

സംസ്ഥാനതല മത്സരങ്ങൾ കലൂർ റിന്യൂവൽ സെന്ററിൽ വച്ച് 2007 ഫെബ്രുവരി 10, 11 തീയതികളിൽ നടക്കും.

സി.സി.ബി.ഐ.യോഗം കർമ്മലഗിരി സെമിനാരിയിൽ

കാത്തലിക് കൗൺസിൽ ഓഫ് ബിഷപ്സ് ഇൻഡ്യ (ഭാരതത്തിലെ ലത്തീൻ മെത്രാന്മാരുടെ സംഘം) യുടെ യോഗം കേരളത്തിലെ ലത്തീൻരൂപതകളുടെ ആതിഥേയത്വത്തിൽ ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി (കർമ്മലഗിരി) യിൽ 2007 ജനുവരി 4 മുതൽ 9 വരെ നടക്കും. 2007 ജനുവരി 7–ാം തീയതി ഞായറാഴ്ച സുപ്രസിദ്ധ മരിയൻതീർത്ഥാടനകേന്ദ്രമായ വല്ലാർപാടം ബസിലിക്കയിൽ അഭിവന്ദ്യ പിതാക്കന്മാർക്ക് വരാപ്പുഴ അതിരൂപത സ്വീകരണം നല്കും. ബസിലിക്കാ ദേവാലയാങ്കണത്തിൽ പ്രത്യേകം സജ്ജമാക്കുന്നവേദിയിൽ 150–ഓളം മെത്രാന്മാർ ഒരുമിച്ച് ദിവ്യബലിയർപ്പിക്കും. അതിനുശേഷം അതിരൂപതാ ഭദ്രാസനദേവാലയമായ സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രലും മെത്രാന്മാരുടെ സംഘം സന്ദർശിക്കും.

മെത്രാൻപട്ടാഭിഷേകം 2007 ഡിസംബർ 28-ന്

വരാപ്പുഴ അതിരൂപതയുടെ നിയുക്തസഹായമെത്രാൻ മോൺ. ജോസഫ് കാരിക്കശ്ശേരിയുടെ മെത്രാൻപട്ടാഭിഷേകം 2006 ഡിസംബർ 28–ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് വല്ലാർപാടം ബസിലിക്കാപള്ളിയിൽ നടക്കും. അഭിവന്ദ്യ ആർച്ചുബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ മുഖ്യകാർമ്മികനായിരിക്കും.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി വരാപ്പുഴ സെൻട്രൽ കൗൺസിൽ മുൻ ആദ്ധ്യാത്മികോപദേഷ്ടാവായ അഭിവന്ദ്യ ജോസഫ് കാരിക്കശ്ശേരി പിതാവിന്റെ മെത്രാൻപട്ടാഭിഷേകകർമ്മങ്ങളിൽ എല്ലാ വിൻസെൻഷ്യൻകുടുംബാംഗങ്ങളും പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. പിതാവിന്റെ നിയോഗങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും വേണം.

എറണാകുളംഈസ്റ്റ് ഏരിയാകൗൺസിൽ

എറണാകുളം ഈസ്റ്റ് ഏരിയാകൗൺസിലിനു കീഴിൽ 14 കോൺഫറൻസുകൾ പ്രവർത്തിക്കുന്നു. 2006 സെപ്തംബർ മാസത്തെ ഏരിയാകൗൺസിൽ യോഗത്തോടനുബന്ധിച്ച് ഓസനാംദിനം ആചരിച്ചു. യുവാക്കൾ കൂടുതലായി സൊസൈറ്റി പ്രവർത്തനങ്ങളിലേക്ക് കടന്നുവരാനുള്ള നിയോഗത്തോടെ പ്രത്യേക ആരാധനയും പ്രാർത്ഥനകളും നടത്തി. മറ്റു പ്രത്യേക പ്രവർത്തനങ്ങൾ:

(1) ഈ ഏരിയാകൗൺസിലിൽ ഉൾപ്പെട്ട പാലാരിവട്ടം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് കോൺഫറൻസ് ഇന്റേണൽ ടിന്നിംഗിലേക്കായി പ്രതിമാസം 500 രൂപ നല്കിപ്പോരുന്നു

(2) പൊറ്റക്കുഴി ലിറ്റിൽ ഫ്ലവർ കോൺഫറൻസ് 'വർഷം ഒരു ഭവനം' എന്ന പദ്ധതിയനുസരിച്ച് ഇതേവരെ പതിനാല് വീടുകൾ പാവപ്പെട്ടവർക്കായി നിർമ്മിച്ചു.

(3) കലൂർ സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് കോൺഫറൻസ് ഒന്നരലക്ഷം രൂപ സമാഹരിച്ച് ഒരു വിദ്യാഭ്യാസസഹായനിധിക്ക് രൂപം നല്കുകയും അതിൽ നിന്നുള്ള വരുമാനം കൊണ്ട് വിദ്യാഭ്യാസസഹായം നൽകിപ്പോരുകയും ചെയ്യുന്നു.

(4) ഏരിയാകൗൺസിലിന്റെ പരിധിയിൽനിന്ന് ഈ വർഷം മുതൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു സാധുവിദ്യാർത്ഥിയെ ദത്തെടുത്ത് ഉന്നതവിദ്യാഭ്യാസം നേടാൻ സഹായം നല്കുന്നതിന് തീരുമാനിച്ചു. ഇതിനുവരുന്ന ചെലവ് കോൺഫറൻസുകൾ തുല്യമായി വഹിക്കും ഇതിന്റെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി അഞ്ച് അംഗങ്ങളുള്ള ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

എറണാകുളംനോർത്ത് ഏരിയാകൗൺസിൽ

എറണാകുളം നോർത്ത് ഏരിയാകൗൺസിലിന്റെ കീഴിൽ 16 കോൺഫറൻസുകളാണുള്ളത്. വരാപ്പുഴ അതിരൂപതയിലെ ആദ്യ കോൺഫറൻസായ സെന്റ് തോമസ് കോൺഫറൻസ്. 70 വർഷത്തിലേറെ പ്രവർത്തനപാരമ്പര്യമുള്ള ചാത്യാത്ത് ഡോൺബോസ്കോ കോൺഫറൻസ്. വല്ലാർപാടം ഔവർ ലേഡി ഓഫ് റാൻസം കോൺഫറൻസ് എന്നിവ ഈ കൗൺസിലിന്റെ കീഴിൽ വരുന്നു. ഏരിയാകൗൺസിൽ രണ്ടായി വിഭജിച്ച് പുനഃസംഘടിപ്പിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു. സെന്റ് തോമസ് കോൺഫറൻസ് എറണാകുളം, സെന്റ് ബെനഡിക്ട് കോൺഫറൻസ് എറണാകുളം, സെന്റ് ആന്റണീസ് (വനിത) കോൺഫറൻസ് വടുതല എന്നിവിടങ്ങളിൽ വിവിധ പ്രോജക്റ്റുകൾ നടത്തപ്പെടുന്നുണ്ട്.

2006 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള അർദ്ധവാർഷിക പ്രവർത്തനാവലോകനറിപ്പോർട്ട് അനുസരിച്ച് ചാത്യാത്ത് ഡോൺബോസ്കോ കോൺഫറൻസ് തികച്ചും മാതൃകാപരവും പ്രശംസനീയവുമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. പ്രസ്തുത കോൺഫറൻസിലെ ഒരംഗത്തിന്റെ ഒരാഴ്ചയിലെ ശരാശരി രഹസ്യപ്പിരിവ്

നൂറ്റിഇരുപത്തൊന്ന് (121) രൂപയാണ്. ഓരോ വർഷവും ക്രിസ്തുമസ് പ്രമാണിച്ച് ഏകദേശം 85 കുടുംബങ്ങൾക്ക് പുത്തൻവസ്ത്രങ്ങളും ആ ദിവസത്തെ മുഴുവൻ ഭക്ഷണച്ചെലവും വിതരണം ചെയ്തുവരുന്നു. 40,000 രൂപയിലേറെ ഈ ഇനത്തിൽ അവർ ചെലവഴിക്കുന്നുണ്ട്.

എറണാകുളംസൗത്ത് ഏരിയാകൗൺസിൽ

സെന്റ് ജോസഫ്സ് കോൺഫറൻസ്, തേവര

1954–ൽ സ്ഥാപിതമായ സെന്റ് ജോസഫ്സ് കോൺഫറൻസിന്റെ 52–ാം വാർഷികവും സെന്റ് ജൂഡ്സ് വനിതാകോൺഫറൻസിന്റെ വാർഷികവും എറണാകുളം സൗത്ത് ഏരിയാകൗൺസിൽ യോഗവും സംയുക്തമായി 2006 നവംബർ 19–ാം തീയതി ഭക്തിനിർഭരമായ പരിപാടികളോടെ ആഘോഷിച്ചു.

അന്നുവൈകീട്ട് 3 മണിക്ക് തേവര സെന്റ് ജോസഫ്സ് പള്ളിയിൽ നടത്തിയ തിരുമണിക്കൂർ ആരാധനയോടുകൂടെയാണ് വാർഷികാഘോഷപരിപാടികൾ ആരംഭിച്ചത്. തേവര സേക്രട്ട് ഹാർട്ട് മൊണാസ്റ്ററിയിലെ റവ.ഫാ.ഐസക്ക് തറയിൽ സി.എം.ഐ. ആരാധനയ്ക്ക് നേതൃത്വം നല്കി.

തുടർന്ന് പാരിഷ്ഹാളിൽ ചേർന്ന വാർഷികപൊതുയോഗത്തിൽ ആദ്ധ്യാത്മികോപദേഷ്ടാവ് റവ.ഫാ. ടൈറ്റസ് ആന്റണി കുരിശുവീട്ടിൽ അദ്ധ്യക്ഷത വഹിച്ചു. എ.സി.പ്രസിഡന്റ് ബ്രദർ സി.ഇ. ജോർജ് ആശംസകൾ നേർന്നു.

എ.സി.പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ എ.സി.യോഗവും നടന്നു. പങ്കെടുത്തവർക്ക് ചായസത്കാരവുമുണ്ടായിരുന്നു.

മംഗലപ്പുഴ, വരാപ്പുഴ, കൂനമ്മാവ് ഏരിയാകൗൺസിലുകൾ

സംയുക്തഏകദിനസെമിനാർ

ആലുവ മംഗലപ്പുഴസെമിനാരി ഓഡിറ്റോറിയത്തിൽ വച്ച് വരാപ്പുഴ, മംഗലപ്പുഴ, കൂനമ്മാവ് ഏരിയാകൗൺസിലുകളിൽപ്പെട്ട കോൺഫറൻസ് അംഗങ്ങളുടെ സംയുക്തസമ്മേളനം 2006 ഒക്ടോബർ 8–ാം തീയതി നടത്തി. മംഗലപ്പുഴ എ.സി. യുടെ നേതൃത്വത്തിലായിരുന്നു സെമിനാർ ക്രമീകരണങ്ങൾ.

പ്രാരംഭപ്രാർത്ഥനയോടെ പത്തുമണിക്ക് യോഗനടപടികൾ ആരംഭിച്ചു. മംഗലപ്പുഴ എ.സി.പ്രസിഡന്റ് ബ്രദർ സി.കെ. തോമസ് സ്വാഗതം ആശംസിച്ചു. മംഗലപ്പുഴ സെമിനാരിറെക്ടർ മോൺ. ബോസ്കോ പുത്തൂർ സെമിനാർ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം വിൻസെന്റ് ഡി പോൾ സംഘടനാപ്രവർത്തനങ്ങളെ ഏറെ പ്രശംസിച്ചു. രണ്ടുപുഴകളുടെയും ഒരു മാവിന്റെയും പേരുകൾ ഉൾപ്പെട്ട (മംഗലപ്പുഴ, വരാപ്പുഴ, കൂനമ്മാവ്) ഏരിയാകൗൺസിലുകളുടെ പ്രവർത്തകരെ റെക്ടറച്ചൻ ഹൃദയപൂർവം സ്വാഗതംചെയ്തു. പുണ്യചരിതരായ സക്കറിയാസച്ചൻ, ഔറേലിയൂ

സച്ചൻ തുടങ്ങിയവർ സംസ്കരിക്കപ്പെട്ട മംഗലപ്പുഴസെമിനാരിയും പരിസരവും ആദ്ധ്യാത്മികത നിറഞ്ഞുനിൽക്കുന്ന ഇടമാണെന്നും വിൻസെൻഷ്യൻപ്രവർത്തകർ ആദ്ധ്യാത്മികചൈതന്യം നിറഞ്ഞ് ദൈവജനത്തിനുവേണ്ടി സേവനം ചെയ്യേണ്ടവരാണെന്നും അദ്ദേഹം വിലയിരുത്തി.

തുടർന്ന് കർമ്മലഗിരി സെമിനാരി പ്രൊഫസർ റവ.ഡോ.സ്റ്റാൻലി മാതിരപ്പിള്ളി ക്ലാസ്സുകൾ നയിച്ചു. രണ്ടുക്ലാസ്സുകളിലായി, വിൻസെന്റ് ഡി പോൾ സംഘടനാപ്രവർത്തനം മഹത്തായ ഒരു ദൈവവിളിയുടെ പ്രതിഫലനമാകണമെന്നും അതിനായി വിളിക്കപ്പെട്ടിട്ടുള്ളവർക്കു മാത്രമേ ഈ വിരുന്ന് ആസ്വദിക്കാൻ സാധ്യമാകൂ എന്നും അദ്ദേഹം പറഞ്ഞു. ക്രിസ്തുവിന്റെ കാലടികൾ പിൻതുടരുന്നവരായി വിൻസെൻഷ്യൻ പ്രവർത്തകർ മാറണമെന്നും അച്ചൻ ഓർമ്മിപ്പിച്ചു. വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക്ക് ഓസനാമിന്റെയും ചൈതന്യവും തീക്ഷ്ണതയും ഉൾക്കൊണ്ട് സജീവമായി പ്രവർത്തിക്കുന്നവരാകാൻ എല്ലാവരെയും അദ്ദേഹം ആഹ്വാനം ചെയ്തു.

ഉച്ചയ്ക്ക് റവ. ഫാദർ ജോസഫ് നെടുനിലത്തിന്റെ കാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിൽ പ്രവർത്തകരെല്ലാം വളരെ സജീവമായി പങ്കെടുത്തു. ദിവ്യബലിമദ്ധ്യേ ബഹുമാനപ്പെട്ട ജോസഫച്ചൻ ദൈവവചനസന്ദേശം നൽകി. സമീപകാലത്ത് കേരളത്തിന്റെ പലദിക്കിലും പടർന്നുപിടിച്ച ചിക്കുൻഗുനിയരോഗങ്ങളിൽ മരിച്ചവർക്കും രോഗബാധിതരുടെ ആശ്വാസത്തിനുമായി പ്രത്യേക ജപമാല ചൊല്ലി. ഉച്ചഭക്ഷണത്തിനുശേഷം 6 ഗ്രൂപ്പുകളായി തിരിഞ്ഞ് "വിൻസെൻഷ്യൻ പ്രവർത്തനം– ഇന്നലെ– ഇന്ന്– നാളെ" എന്ന വിഷയത്തെക്കുറിച്ച് ചർച്ചകൾ നടത്തി. ഇന്നലെകളിലെ പ്രവർത്തനശൈലികളിലുണ്ടായിരുന്ന പ്രത്യേകതകളും ഇന്നത്തെ പ്രവർത്തനരീതിയും ചർച്ചയിൽ വിശദമായി പരാമർശിക്കപ്പെട്ടു. ഗ്രൂപ്പ് ലീഡർമാർ ഹ്രസ്വമായ റിപ്പോർട്ട് അവതരിപ്പിച്ചു. സി.സി.ആനിമേറ്റർ ബ്രദർ ആന്റണി കുറ്റിശ്ശേരി റിപ്പോർട്ടുകൾ വിലയിരുത്തി. സമാപനസമ്മേളനത്തിൽ സി.സി.പ്രസിഡന്റ് ബ്രദർ ഡോ. പ്രീമൂസ് പെരിഞ്ചേരി സന്ദേശം നൽകി. എ.സി.തലങ്ങളിൽ നടത്തുന്ന ഇത്തരം സെമിനാറുകൾ പ്രവർത്തകർ കൂടുതൽ ഊർജ്ജസ്വലരാകാൻ സഹായിക്കുമെന്ന് സി.സി.പ്രസിഡന്റ് പറഞ്ഞു. സി.സി. ജനറൽ സെക്രട്ടറി ബ്രദർ ജോസ് ഫ്രാൻസിസ് വടക്കുംതല ആശംസകൾ നേർന്നു. വരാപ്പുഴ എ.സി.പ്രസിഡന്റ് ബ്രദർ റാഫി വെളിപ്പറമ്പിൽ നന്ദി രേഖപ്പെടുത്തി. 18 മുതൽ 82 വയസ്സുവരെ പ്രായമുള്ള 170 പ്രവർത്തകർ സെമിനാറിൽ സംബന്ധിച്ചു.

മംഗലപ്പുഴ എ.സി.വൈസ് പ്രസിഡന്റ് ബ്രദർ മാത്യു ജനറൽ കൺവീനറും കൂനമ്മാവ് എ.സി.പ്രസിഡന്റ് ബ്രദർ ഇ.ബി. ജോയി, വരാപ്പുഴ എ.സി.പ്രസിഡന്റ് ബ്രദർ റാഫി വെളിപ്പറമ്പിൽ, മംഗലപ്പുഴ എ.സി.പ്രസിഡന്റ് ബ്രദർ സി.കെ തോമസ്, സി.സി. ആനിമേറ്റർ ബ്രദർ ആന്റണി എന്നിവർ സെമിനാർ സംഘാടക കമ്മിറ്റി അംഗങ്ങളായിരുന്നു.

വരാപ്പുഴ ഏരിയാകൗൺസിൽ

നിത്യസഹായമാതാകോൺഫറൻസ്, ചേരാനല്ലൂർ

ചേരാനല്ലൂർ നിത്യസഹായമാതാകോൺഫറൻസ് 2006 സെപ്തംബർ 24–ാം തീയതി ഞായറാഴ്ച സെന്റ് വിൻസെൻറ് ഡി പോളിന്റെയും വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസനാമിന്റെയും തിരുനാൾ ആഘോഷിച്ചു. തിരുനാൾ ദിവ്യപൂജയ്ക്ക് വിൻസെന്റ് ഡി പോൾ സൊസൈറ്റിഅംഗങ്ങളും കുടുംബാംഗങ്ങളും നേതൃത്വം നല്കി.

ദിവ്യബലിക്കുശേഷം, കോൺഫറൻസ് അംഗമായിരുന്ന വെളിപ്പറമ്പിൽ ജോസഫിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ 1001 രൂപയുടെ സ്കോളർഷിപ്പ് എയ്ഡഡ് സ്കൂളിൽ പഠിച്ച് S.S.L.C.ക്ക് മികച്ചവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥിക്ക് സമ്മാനിച്ചു. തിരുനാളിനോടനുബന്ധിച്ച് സൺഡേസ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കും അദ്ധ്യാപകർക്കും മധുരപലഹാരങ്ങൾ വിതരണം ചെയ്തു. ജാതിമതഭേദമെന്യേ തിരഞ്ഞെടുക്കപ്പെട്ട 37 സാധുകുടുംബങ്ങൾക്ക് 5 കിലോ അരിവീതം നല്കുകയും ചെയ്തു.

സെന്റ് വിൻസെൻറ് ഡി പോൾ സൊസൈറ്റിഅംഗങ്ങൾ സെന്റ് ജോസഫ് ഫണ്ട് എന്ന പേരിൽ സമാഹരിച്ച തുകകൊണ്ടുനിർമ്മിച്ച സെന്റ് ജോസഫ് ഹാളിൽ വച്ച് വൈകീട്ട് 3.30–ന് അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും യോഗംചേർന്നു. യോഗത്തിൽ ഇടവകവികാരി ഫാദർ ആന്റണി റാഫേൽ, സാന്താമരിയ കോൺവെന്റ് സുപ്പീരിയർ, എ.സി.പ്രസിഡന്റ് ബ്ര. റാഫി വെളിപ്പറമ്പിൽ എന്നിവർ ആശംസകൾ നേർന്നു.

സംഘടനയിലെ അംഗങ്ങൾ തമ്മിലുള്ളതുപോലെ സ്നേഹവും സൗഹൃദവും കുടുംബാംഗങ്ങൾ തമ്മിലും ഉണ്ടാകാൻ സ്നേഹസംഗമം എന്നപേരിൽ നടത്തിയ ഈ പരിപാടിയിലൂടെ സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും കൂട്ടായ്മയുണ്ടാക്കാൻ കഴിഞ്ഞു.

വൈപ്പിൻ ഐലന്റ് സൗത്ത്–നോർത്ത് ഏരിയാകൗൺസിലുകൾ

സംയുക്ത അർദ്ധദിനസെമിനാർ

വൈപ്പിൻഐലന്റ് സൗത്ത്–നോർത്ത് ഏരിയാകൗൺസിലുകളുടെ സംയുക്ത സമ്മേളനം എടവനക്കാട് സെന്റ് അംബ്രോസ് പാരിഷ്ഹാളിൽ വൈപ്പിൻ നോർത്ത് എ.സി.യുടെ ആഭിമുഖ്യത്തിൽ 2006 സെപ്തംബർ 10–ാം തീയതി നടത്തി.

രാവിലേ ആരംഭിച്ച അർദ്ധദിനസെമിനാർ സെൻട്രൽ കൗൺസിൽ പ്രസിഡണ്ട് ബ്ര. പ്രീമൂസ് പെരിഞ്ചേരി ഉദ്ഘാടനം ചെയ്തു.

ആലുവ സെന്റ് സേവ്യേഴ്സ് കോളെജ് പ്രിൻസിപ്പൽ സി. പേഴ്സി സി.ടി.സി., സാൻജോപുരം പള്ളി വികാരി ഫാ. തോമസ് വൈക്കത്തുപറമ്പിൽ എന്നിവർ സെമിനാർ വിഷയങ്ങൾ അവതരിപ്പിച്ചു. എടവനക്കാട്ട് പള്ളി വികാരി ഫാ. റോക്കി തേങ്ങാപ്പുരക്കൽ, സെൻട്രൽ കൗൺസിൽ ജനറൽ സെക്രട്ടറി ബ്ര. ജോസ് ഫ്രാൻസിസ് വടക്കുതല എന്നിവർ ആശംസകൾ നേർന്നു. വാടേൽ സെന്റ് ജോർജ് ഇടവക വികാരി ഫാ. അലോഷ്യസ് തൈപ്പറമ്പിൽ തിരുനാൾദിവ്യബലിയർപ്പിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം, സെമിനാറിൽ പങ്കെടുത്ത അംഗങ്ങളെല്ലാം വല്ലാർപാടം മരിയൻതീർത്ഥാടനത്തിൽ സംബന്ധിച്ചു.

വൈപ്പിൻനോർത്ത് എ.സി.പ്രസിഡണ്ട് ബ്ര. ജോൺ ജോസഫ് പറമ്പലോത്ത് സ്വാഗതം ആശംസിച്ചു. വൈപ്പിൻസൗത്ത് എ.സി.പ്രസിഡണ്ട് ബ്ര. ടി.പി. പീറ്റർ തുണ്ടിയിൽ നന്ദിനേർന്നു.

ഇരുന്നൂറോളം അംഗങ്ങൾ സെമിനാറിൽ സംബന്ധിച്ചു.

ഉദയംപേരൂർ ഏരിയാകൗൺസിൽ
സെന്റ് തോമസ് കോൺഫറൻസ്, തോമസ്പുരം

വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും വാഴ്ത്തപ്പെട്ട ഫ്രെഡറിക്ക് ഓസനാമിന്റെയും തിരുനാൾ തോമസ്പുരം സെന്റ് തോമസ് കോൺഫറൻസ്, 2006 സെപ്തംബർ 27-ാം തീയതി ആഘോഷിച്ചു. രാവിലേ 6.30 നുള്ള തിരുനാൾ ദിവ്യബലിയിൽ ആമുഖമായി വികാരി റവ.ഫാ. പോൾസൺ കൊറ്റിയാത്ത്, ഈ വിശുദ്ധരുടെ ജീവിതവീക്ഷണത്തെക്കുറിച്ചും സമൂഹത്തിലെ അവശരും ആലംബഹീനരുമായവരെ സഹായിക്കേണ്ടതും ആശ്വസിപ്പിക്കേണ്ടതും നമ്മുടെ ഒഴിവാക്കാനാകാത്ത ചുമതലയാണെന്ന കാര്യത്തെക്കുറിച്ചും ഓർമ്മിപ്പിച്ചു. വിൻസെന്റ് ഡി പോൾ സൊസൈറ്റിയെക്കുറിച്ചും ഈ കോൺഫറൻസിന്റെ പ്രവർത്തനത്തെക്കുറിച്ചും അദ്ദേഹം സമഗ്രമായി പ്രതിപാദിച്ചു.

ദിവ്യബലി കാഴ്ചവയ്പിന് 12 പ്രവർത്തകാംഗങ്ങളും ദത്തുകുടുംബങ്ങൾ, മാസവരിക്കാർ എന്നിവരെ പ്രതിനിധീകരിച്ച് അഞ്ചുപേർ വീതവും പങ്കെടുത്തു. ദിവ്യബലിമദ്ധ്യേ അംഗങ്ങൾ പ്രതിജ്ഞ പുതുക്കി. ദിവ്യബലിയിൽ സംബന്ധിച്ച മുന്നൂറോളം പേർക്കു മധുരപലഹാരങ്ങൾ വിതരണംചെയ്തു. അൾത്താരയും വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും വാഴ്ത്തപ്പെട്ട ഫ്രെഡറിക്ക് ഓസനാമിന്റെയും ചിത്രങ്ങൾ യുവഅംഗങ്ങളുടെ നേതൃത്വത്തിൽ തലേദിവസം അലങ്കരിച്ചു. തിരുനാളാഘോഷപരിപാടികളുടെ ചെലവ് അംഗങ്ങളിൽ നിന്നുമാത്രമായി സ്വരൂപിക്കുകയായിരുന്നു.

സി.സി.ഓഫീസിൽ ഫോൺ കണക്ഷൻ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി വരാപ്പുഴ സെൻട്രൽകൗൺസിൽ ഓഫീസി(ഹൈക്കോർട്ട് ജങ്ഷൻ)ൽ പുതിയ ഫോൺ കണക്ഷൻ കിട്ടി. ഫോൺനമ്പർ: 4049389. മൊബൈൽഫോണിൽ നിന്നാവുമ്പോൾ 0484 എന്ന കോഡുകൂടി ചേർക്കണം.

താമസിയാതെ നമുക്ക് വെബ്സൈറ്റ് നിലവിൽ വരും.

നിര്യാതനായി

കലൂർ സെൻറ് ഫ്രാൻസിസ് സേവ്യേഴ്സ് കോൺഫറൻസ് വൈസ് പ്രസിഡന്റ് ബ്ര. പോൾ വാഴക്കുട്ടത്തിൽ 2006 ഒക്ടോബർ 16-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. കാക്കനാട് കെ.ബി.പി.എസ്. ഉദ്യോഗസ്ഥനായിരുന്നു.

Volume 1
Issue 1
VINFORMATION
SSVP Verapoly Central Council Bulletin
Jan-March, 2007

വല്ലാർപാടം ദേശീയ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ വല്ലാർപാടത്തമ്മയോടുള്ള നൊവേനയും ദിവ്യബലിയും എല്ലാ ശനിയാഴ്ചയും

രാവിലേ 6.30 ന്	:	കുർബാന, നൊവേന
10.30 ന്	:	കുർബാന, നൊവേന, ആരാധന
വൈകീട്ട് 4.00 ന്	:	നൊവേന
4.30 ന്	:	കുർബാന, നൊവേന
6.00 ന്	:	കുർബാന, നൊവേന (ഇംഗ്ലീഷ്)

മാസത്തിലെ രണ്ടാമത്തെ എല്ലാ ശനിയാഴ്ചയും രോഗശാന്തിശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

Printed by: Book Craft, Cheranellore. Ph: 0484-2430577